**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 235** **04-10-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് മരണ നിരക്ക് നിർണ്ണയത്തിലെ അപാകത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. ടി. ജെ. വിനോദ്** | | **Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് മരണ നിരക്ക് തെറ്റായി നിർണ്ണയിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് കോവിഡ് രോഗവുമായി ബന്ധപ്പെട്ട ഗവേഷണങ്ങളെയും സുപ്രീം കോടതി നിർദ്ദേശ പ്രകാരമുള്ള നഷ്ടപരിഹാര പ്രക്രിയയെയും ദോഷകരമായി ബാധിക്കുമെന്നതിനാൽ എപ്രകാരം പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ; | (എ) | കേരളം തുടക്കം മുതൽക്ക തന്നെ ലോകാരോഗ്യ സംഘടനയുടേയും ഐ.സി.എം.ആറിന്റെയും മാനദണ്ഡങ്ങൾ പ്രകാരമാണ് കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നത്. കോവിഡ് മരണ നിരക്ക് തെറ്റായ രീതിയിൽ ആയിരുന്നില്ല റിപ്പോർട്ട് ചെയ്തിരുന്നത്. കോവിഡ് - 19 മൂലമുള്ള മരണങ്ങൾ സംസ്ഥാനം, ചികിത്സാ രേഖകൾ സസൂക്ഷ്മം പരിശോധിക്കുകയും മരണ കാരണം ശ്രദ്ധാപൂർവ്വം കണ്ടെത്തുകയും ചെയ്താണ് റിപ്പോർട്ട് ചെയ്യുന്നത്. ബന്ധപ്പെട്ട ആശുപത്രിയിലെ ചികിത്സിച്ച ഡോക്ടർ റിപ്പോർട്ടു ചെയ്യുന്ന മെഡിക്കൽ ബുള്ളറ്റിൻ, ജില്ലാ തലത്തിൽ ജില്ലാ സർവ്വൈലന്റ്സ് ഓഫീസർ പരിശോധിച്ച് ജില്ലാ മെഡിക്കൽ ഓഫീസർ കോവിഡ് മൂലമാണോ മരണം സംഭവിച്ചതെന്ന് സ്ഥിരീകരിക്കുന്നു. ഇങ്ങനെ സ്ഥിരീകരിക്കുന്ന മരണങ്ങളുടെ ഹെൽത്ത് ഡിക്ലറേഷൻ ഡോക്യുമെന്റ് പോർട്ടലിൽ നിന്നും ഡൗൺലോഡ് ചെയ്ത് ജില്ലാ മെഡിക്കൽ ഓഫീസർ ഒപ്പിട്ട് മരിച്ചയാളുടെ അവകാശിക്ക് നൽകി വരുന്നു. എന്നാൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ റിട്ട് പെറ്റീഷൻ 539, 554 കേസുകളിലെ വിധിയുടെ അടിസ്ഥാനത്തിൽ കോവിഡ് മരണത്തിന്റെ നിർവചനങ്ങൾ ഇന്ത്യാ ഗവൺമെന്റ് മാറ്റുകയുണ്ടായി. (F.No. 18018/11/2021/DM Cell/GOI, New Delhi, dated 03-09-2021). ഇത് പ്രകാരം ആർ.ടി.പി.സി.ആർ./റാപിഡ് ആന്റിജൻ ടെസ്റ്റ്/മറ്റ മോളികുലർ പരിശോധനകൾ വഴി രോഗം സ്ഥിരീകരിച്ചവരെയോ ചികിത്സിക്കുന്ന ഡോക്ടർ മറ്റു പരിശോധനകൾ വഴി രോഗം സ്ഥിരീകരിച്ചവരെയോ ആണ് കോവിഡ് രോഗികളായി കണക്കാക്കുന്നത്. എന്നാൽ കോവിഡ് രോഗം സ്ഥിരീകരിച്ചവരിൽ |

ആത്മഹത്യ ചെയ്തതോ/ ആക്സിഡന്റിൽപ്പെട്ട് മരണപ്പെട്ടതോ ആയവരെ നിലവിൽ ഈ പട്ടികയിൽ ഉൾപ്പെടുത്തുകയില്ല. വീട്ടുകളിലോ ആശുപത്രികളിലോ മരണപെട്ടതും, എം.സി.സി.ഡി. ഫോം 4 & 4എ പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിൽ കോവിഡ് 19 മരണം എന്ന് രേഖപ്പെടുത്തിയതുമായ മരണങ്ങളെ കോവിഡ് 19 മരണങ്ങളായി കണക്കാക്കാം. സാമ്പിൾ എടുത്ത നാൾ മുതലോ കോവിഡ് രോഗബാധ സ്ഥിരീകരിച്ച നാൾ മുതലോ 30 ദിവസം വരെയുള്ള മരണങ്ങളെ കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണ്. മാത്രമല്ല ആശുപത്രിയിൽ / കിടത്തി ചികിത്സാ കേന്ദ്രത്തിൽ പ്രവേശിപ്പിക്കപ്പെട്ട കോവിഡ് - 19 ബാധിച്ച ഒരാൾ അതേ അഡ്മിഷനിൽ 30 ദിവസങ്ങൾക്കപ്പുറവും തുടരവെ മരണപ്പെടുകയാണെങ്കിൽ അത് കോവിഡ് മരണമായി കണക്കാക്കുന്നതാണ്. കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി കോവിഡ് മരണ നിർണ്ണയത്തിനും കോവിഡ് -19 മരണം സംബന്ധിച്ച ഔദ്യോഗിക രേഖ മരണപ്പെട്ടയാളിന്റെ ഏറ്റവും അടുത്ത ബന്ധുക്കൾക്ക് (നിയമപരമായ അവകാശി) നൽകുന്നതിനുമായി വിശദമായ മാർഗ്ഗരേഖ 29/09/2021-ലെ സ.ഉ (സാധാ) നം.2110/2021ആ.കു.വ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കോവിഡ് ബാധയെ തുടർന്ന് മരണപ്പെട്ട ആളിന്റെ അടുത്ത അവകാശിക്ക് നൽകപെട്ട മെഡിക്കൽ സർട്ടിഫിക്കറ്റിൽ അവർക്ക് പരാതിയുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുവേണ്ടി സംസ്ഥാനം ഒരു കമ്മിറ്റിയെ നിയോഗിച്ചു. മാർഗ്ഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കോവിഡ് മരണവുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിക്കുവാൻ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്, ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), അഡീഷണൽ ജില്ലാ മെഡിക്കൽ ഓഫീസർ/ജില്ലാ സർവ്വൈലൻസ് ഓഫീസർ, മെഡിക്കൽ കോളേജിലെ മെഡിസിൻ ഡിപ്പാർട്ട്മെന്റ് തലവൻ/ ജില്ലാ സർവ്വൈലൻസ് ഓഫീസർ(നോൺ കോവിഡ്), ബന്ധപ്പെട്ട വിദഗ്ധൻ (Subject expert) എന്നിവരടങ്ങുന്ന കോവിഡ്-19 ഡെത്ത് അസർറ്റെയിനിംഗ് കമ്മിറ്റി (CDAC) രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്, ഈ സമിതി പരാതികൾ ലഭിച്ച് മുപ്പതു ദിവസത്തിനകം ഇതിനു തീർപ്പ് കൽപ്പിക്കുന്നതാണ്. GO (MS) No.3/2021/ DMD dtd.25.09.2021 TVPM പ്രകാരം കോവിഡ് - 19 മൂലം മരണപ്പെട്ടവരുടെ

| | | | |
|---|---|---|---|
| | | | അടുത്ത അവകാശികൾക്ക് 50,000/-രൂപ (അമ്പതിനായിരം രൂപ മാത്രം) സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി വഴി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഈ മരണങ്ങൾ സെപ്റ്റംബർ 3-ാം തീയതി കേന്ദ്ര / ആരോഗ്യ മന്ത്രാലയവും, ഐ.സി.എം.ആർ ഉം പുറത്തിറക്കിയ മാനദണ്ഡങ്ങൾ പ്രകാരമുള്ളതായിരിക്കണം. ഇതിനെ തുടർന്ന് ദേശീയ ദുരന്തനിവാരണ അതോറിറ്റി സെപ്റ്റംബർ-11 ന് പുറത്തിറക്കിയ ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി എസ്.ഡി.ആർ.എഫ് ഫണ്ടിൽ നിന്നും ആവശ്യമായ തുക നൽകുവാൻ തീരുമാനമായിട്ടുണ്ട്. |
| (ബി) | മരണം കോവിഡ് മുഖാന്തരമാണോ എന്ന് നിർണ്ണയിക്കുന്നതിനായി സംസ്ഥാന സർക്കാർ നിലവിൽ ഉപയോഗിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | കേരളം തുടക്കം മുതൽക്ക തന്നെ ലോകാരോഗ്യ സംഘടനയുടേയും ഐ.സി.എം.ആറിന്റെയും മാനദണ്ഡങ്ങൾ പ്രകാരമാണ് കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നത്. കോവിഡ് മരണ നിരക്ക് തെറ്റായ രീതിയിൽ ആയിരുന്നില്ല റിപ്പോർട്ട് ചെയ്തിരുന്നത്. കോവിഡ് - 19 മൂലമുള്ള മരണങ്ങൾ സംസ്ഥാനം, ചികിത്സാ രേഖകൾ സസൂക്ഷ്മം പരിശോധിക്കുകയും മരണ കാരണം ശ്രദ്ധാപൂർവ്വം കണ്ടെത്തുകയും ചെയ്താണ് റിപ്പോർട്ട് ചെയ്യുന്നത്. ബന്ധപ്പെട്ട ആശുപത്രിയിലെ ചികിത്സിച്ച ഡോക്ടർ റിപ്പോർട്ടു ചെയ്യുന്ന മെഡിക്കൽ ബുള്ളറ്റിൻ, ജില്ലാ തലത്തിൽ ജില്ലാ സർവ്വൈലൻസ് ഓഫീസർ പരിശോധിച്ച് ജില്ലാ മെഡിക്കൽ ഓഫീസർ കോവിഡ് മൂലമാണോ മരണം സംഭവിച്ചതെന്ന് സ്ഥിരീകരിക്കുന്നു. ഇങ്ങനെ സ്ഥിരീകരിക്കുന്ന മരണങ്ങളുടെ ഹെൽത്ത് ഡിക്ലറേഷൻ ഡോക്യുമെന്റ് പോർട്ടലിൽ നിന്നും ഡൗൺലോഡ് ചെയ്ത് ജില്ലാ മെഡിക്കൽ ഓഫീസർ ഒപ്പിട്ട് മരിച്ചയാളുടെ അവകാശിക്ക് നൽകി വരുന്നു. എന്നാൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ റിട്ട് പെറ്റീഷൻ 539, 554 കേസുകളിലെ വിധിയുടെ അടിസ്ഥാനത്തിൽ കോവിഡ് മരണത്തിന്റെ നിർവചനങ്ങൾ ഇന്ത്യാ ഗവൺമെന്റ് മാറ്റുകയുണ്ടായി. (F.No. 18018/11/2021/DM Cell/GOI, New Delhi, dated 03-09-2021). ഇത് പ്രകാരം ആർ.ടി.പി.സി.ആർ./റാപിഡ് ആന്റിജൻ ടെസ്റ്റ്/മറ്റു മോളികുലർ പരിശോധനകൾ വഴി രോഗം സ്ഥിരീകരിച്ചവരെയോ ചികിത്സിക്കുന്ന ഡോക്ടർ മറ്റു പരിശോധനകൾ വഴി രോഗം സ്ഥിരീകരിച്ചവരെയോ ആണ് കോവിഡ് രോഗികളായി കണക്കാക്കുന്നത്. എന്നാൽ കോവിഡ് രോഗം സ്ഥിരീകരിച്ചവരിൽ ആത്മഹത്യ ചെയ്തതോ/ ആക്സിഡന്റിൽപ്പെട്ട് മരണപ്പെട്ടതോ ആയവരെ നിലവിൽ ഈ |

പട്ടികയിൽ ഉൾപ്പെടുത്തുകയില്ല. വീടുകളിലോ ആശുപത്രികളിലോ മരണപെട്ടതും, എം.സി.സി.ഡി. ഫോം 4 & 4എ പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിൽ കോവിഡ് 19 മരണം എന്ന് രേഖപ്പെടുത്തിയതുമായ മരണങ്ങളെ കോവിഡ് 19 മരണങ്ങളായി കണക്കാക്കാം. സാമ്പിൾ എടുത്ത നാൾ മുതലോ കോവിഡ് രോഗബാധ സ്ഥിരീകരിച്ച നാൾ മുതലോ 30 ദിവസം വരെയുള്ള മരണങ്ങളെ കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണ്. മാത്രമല്ല ആശുപത്രിയിൽ / കിടത്തി ചികിത്സാ കേന്ദ്രത്തിൽ പ്രവേശിപ്പിക്കപ്പെട്ട കോവിഡ് - 19 ബാധിച്ച ഒരാൾ അതേ അഡ്മിഷനിൽ 30 ദിവസങ്ങൾക്കപ്പുറവും തുടരവെ മരണപ്പെടുകയാണെങ്കിൽ അത് കോവിഡ് മരണമായി കണക്കാക്കുന്നതാണ്. കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി കോവിഡ് മരണ നിർണ്ണയത്തിനും കോവിഡ് -19 മരണം സംബന്ധിച്ച ഔദ്യോഗിക രേഖ മരണപ്പെട്ടയാളിന്റെ ഏറ്റവും അടുത്ത ബന്ധുക്കൾക്ക് (നിയമപരമായ അവകാശി) നൽകുന്നതിനുമായി വിശദമായ മാർഗ്ഗരേഖ 29/09/2021-ലെ സ.ഉ (സാധാ) നം.2110/2021ആ.കു.വ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കോവിഡ് ബാധയെ തുടർന്ന് മരണപ്പെട്ട ആളിന്റെ അടുത്ത അവകാശിക്ക് നൽകപെട്ട മെഡിക്കൽ സർട്ടിഫിക്കറ്റിൽ അവർക്ക് പരാതിയുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുവേണ്ടി സംസ്ഥാനം ഒരു കമ്മിറ്റിയെ നിയോഗിച്ചു. മാർഗ്ഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കോവിഡ് മരണവുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിക്കുവാൻ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്, ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), അഡീഷണൽ ജില്ലാ മെഡിക്കൽ ഓഫീസർ/ജില്ലാ സർവ്വൈലൻസ് ഓഫീസർ, മെഡിക്കൽ കോളേജിലെ മെഡിസിൻ ഡിപ്പാർട്ട്മെന്റ് തലവൻ/ ജില്ലാ സർവ്വൈലൻസ് ഓഫീസർ(നോൺ കോവിഡ്), ബന്ധപ്പെട്ട വിദഗ്ധൻ (Subject expert) എന്നിവരടങ്ങുന്ന കോവിഡ്-19 ഡെത്ത് അസർറ്റെയിനിംഗ് കമ്മിറ്റി (CDAC) രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്, ഈ സമിതി പരാതികൾ ലഭിച്ച മുപ്പതു ദിവസത്തിനകം ഇതിനു തീർപ്പ് കൽപ്പിക്കുന്നതാണ്. GO (MS) No.3/2021/ DMD dtd.25.09.2021 TVPM പ്രകാരം കോവിഡ് - 19 മൂലം മരണപ്പെട്ടവരുടെ അടുത്ത അവകാശികൾക്ക് 50,000/-രൂപ (അമ്പതിനായിരം രൂപ മാത്രം) സംസ്ഥാന ദുരന്ത

| | | | |
|---|---|---|---|
| | | | നിവാരണ അതോറിറ്റി വഴി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഈ മരണങ്ങൾ സെപ്റ്റംബർ 3-ാം തീയതി കേന്ദ്ര / ആരോഗ്യ മന്ത്രാലയവും, ഐ.സി.എം.ആർ ഉം പുറത്തിറക്കിയ മാനദണ്ഡങ്ങൾ പ്രകാരമുള്ളതായിരിക്കണം. ഇതിനെ തുടർന്ന് ദേശീയ ദുരന്തനിവാരണ അതോറിറ്റി സെപ്റ്റംബർ-11 ന് പുറത്തിറക്കിയ ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി എസ്.ഡി.ആർ.എഫ് ഫണ്ടിൽ നിന്നും ആവശ്യമായ തുക നൽകുവാൻ തീരുമാനമായിട്ടുണ്ട്. |
| (സി) | കോവിഡ് മരണ നിരക്ക് നിർണ്ണയിച്ചതിലുണ്ടായ പിഴവ് പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | കേരളം തുടക്കം മുതൽക്ക തന്നെ ലോകാരോഗ്യ സംഘടനയുടേയും ഐ.സി.എം.ആറിന്റെയും മാനദണ്ഡങ്ങൾ പ്രകാരമാണ് കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നത്. കോവിഡ് മരണ നിരക്ക് തെറ്റായ രീതിയിൽ ആയിരുന്നില്ല റിപ്പോർട്ട് ചെയ്തിരുന്നത്. കോവിഡ് - 19 മൂലമുള്ള മരണങ്ങൾ സംസ്ഥാനം, ചികിത്സാ രേഖകൾ സസൂക്ഷ്മം പരിശോധിക്കുകയും മരണ കാരണം ശ്രദ്ധാപൂർവ്വം കണ്ടെത്തുകയും ചെയ്താണ് റിപ്പോർട്ട് ചെയ്യുന്നത്. ബന്ധപ്പെട്ട ആശുപത്രിയിലെ ചികിത്സിച്ച ഡോക്ടർ റിപ്പോർട്ടു ചെയ്യുന്ന മെഡിക്കൽ ബുള്ളറ്റിൻ, ജില്ലാ തലത്തിൽ ജില്ലാ സർവ്വെലന്റ്സ് ഓഫീസർ പരിശോധിച്ച് ജില്ലാ മെഡിക്കൽ ഓഫീസർ കോവിഡ് മൂലമാണോ മരണം സംഭവിച്ചതെന്ന് സ്ഥിരീകരിക്കുന്നു. ഇങ്ങനെ സ്ഥിരീകരിക്കുന്ന മരണങ്ങളുടെ ഹെൽത്ത് ഡിക്ലറേഷൻ ഡോക്യുമെന്റ് പോർട്ടലിൽ നിന്നും ഡൗൺലോഡ് ചെയ്ത് ജില്ലാ മെഡിക്കൽ ഓഫീസർ ഒപ്പിട്ട് മരിച്ചയാളുടെ അവകാശിക്ക് നൽകി വരുന്നു. എന്നാൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ റിട്ട് പെറ്റീഷൻ 539, 554 കേസുകളിലെ വിധിയുടെ അടിസ്ഥാനത്തിൽ കോവിഡ് മരണത്തിന്റെ നിർവചനങ്ങൾ ഇന്ത്യാ ഗവൺമെന്റ് മാറ്റുകയുണ്ടായി. (F.No. 18018/11/2021/DM Cell/GOI, New Delhi, dated 03-09-2021). ഇത് പ്രകാരം ആർ.ടി.പി.സി.ആർ./റാപിഡ് ആന്റിജൻ ടെസ്റ്റ്/മറ്റു മോളികുലർ പരിശോധനകൾ വഴി രോഗം സ്ഥിരീകരിച്ചവരെയോ ചികിത്സിക്കുന്ന ഡോക്ടർ മറ്റു പരിശോധനകൾ വഴി രോഗം സ്ഥിരീകരിച്ചവരെയോ ആണ് കോവിഡ് രോഗികളായി കണക്കാക്കുന്നത്. എന്നാൽ കോവിഡ് രോഗം സ്ഥിരീകരിച്ചവരിൽ ആത്മഹത്യ ചെയ്തതോ/ ആക്സിഡന്റിൽപ്പെട്ട് മരണപ്പെട്ടതോ ആയവരെ നിലവിൽ ഈ പട്ടികയിൽ ഉൾപ്പെടുത്തുകയില്ല. വീടുകളിലോ ആശുപത്രികളിലോ മരണപെട്ടതും, എം.സി.സി.ഡി. |

ഫോം 4 & 4എ പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിൽ കോവിഡ് 19 മരണം എന്ന് രേഖപ്പെടുത്തിയതുമായ മരണങ്ങളെ കോവിഡ് 19 മരണങ്ങളായി കണക്കാക്കാം. സാമ്പിൾ എടുത്ത നാൾ മുതലോ കോവിഡ് രോഗബാധ സ്ഥിരീകരിച്ച നാൾ മുതലോ 30 ദിവസം വരെയുള്ള മരണങ്ങളെ കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണ്. മാത്രമല്ല ആശുപത്രിയിൽ / കിടത്തി ചികിത്സാ കേന്ദ്രത്തിൽ പ്രവേശിപ്പിക്കപ്പെട്ട കോവിഡ് - 19 ബാധിച്ച ഒരാൾ അതേ അഡ്മിഷനിൽ 30 ദിവസങ്ങൾക്കപ്പുറവും തുടരവെ മരണപ്പെടുകയാണെങ്കിൽ അത് കോവിഡ് മരണമായി കണക്കാക്കുന്നതാണ്. കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി കോവിഡ് മരണ നിർണ്ണയത്തിനും കോവിഡ് -19 മരണം സംബന്ധിച്ച ഔദ്യോഗിക രേഖ മരണപ്പെട്ടയാളിന്റെ ഏറ്റവും അടുത്ത ബന്ധുക്കൾക്ക് (നിയമപരമായ അവകാശി) നൽകുന്നതിനുമായി വിശദമായ മാർഗ്ഗരേഖ 29/09/2021-ലെ സ.ഉ (സാധാ) നം.2110/2021ആ.കു.വ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കോവിഡ് ബാധയെ തുടർന്ന് മരണപ്പെട്ട ആളിന്റെ അടുത്ത അവകാശിക്ക് നൽകപെട്ട മെഡിക്കൽ സർട്ടിഫിക്കറ്റിൽ അവർക്ക് പരാതിയുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുവേണ്ടി സംസ്ഥാനം ഒരു കമ്മിറ്റിയെ നിയോഗിച്ചു. മാർഗ്ഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കോവിഡ് മരണവുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിക്കുവാൻ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്, ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), അഡീഷണൽ ജില്ലാ മെഡിക്കൽ ഓഫീസർ/ജില്ലാ സർവ്വൈലൻസ് ഓഫീസർ, മെഡിക്കൽ കോളേജിലെ മെഡിസിൻ ഡിപ്പാർട്ട്മെന്റ് തലവൻ/ ജില്ലാ സർവ്വൈലൻസ് ഓഫീസർ (നോൺ കോവിഡ്), ബന്ധപ്പെട്ട വിദഗ്ദ്ധൻ (Subject expert) എന്നിവരടങ്ങുന്ന കോവിഡ്-19 ഡെത്ത് അസർറ്റെയിനിംഗ് കമ്മിറ്റി (CDAC) രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്, ഈ സമിതി പരാതികൾ ലഭിച്ച മുപ്പതു ദിവസത്തിനകം ഇതിനു തീർപ്പ് കൽപ്പിക്കുന്നതാണ്. GO (MS) No.3/2021/ DMD dtd.25.09.2021 TVPM പ്രകാരം കോവിഡ് - 19 മൂലം മരണപ്പെട്ടവരുടെ അടുത്ത അവകാശികൾക്ക് 50,000/-രൂപ (അമ്പതിനായിരം രൂപ മാത്രം) സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി വഴി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഈ മരണങ്ങൾ

| | | | |
|---|---|---|---|
| | | | സെപ്റ്റംബർ 3-ാം തീയതി കേന്ദ്ര / ആരോഗ്യ മന്ത്രാലയവും, ഐ.സി.എം.ആർ ഉം പുറത്തിറക്കിയ മാനദണ്ഡങ്ങൾ പ്രകാരമുള്ളതായിരിക്കണം. ഇതിനെ തുടർന്ന് ദേശീയ ദുരന്തനിവാരണ അതോറിറ്റി സെപ്റ്റംബർ-11 ന് പുറത്തിറക്കിയ ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി എസ്.ഡി.ആർ.എഫ് ഫണ്ടിൽ നിന്നും ആവശ്യമായ തുക നൽകുവാൻ തീരുമാനമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ